പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 84 | 01/12/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചികിത്സാ ധനസഹായ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായം നാളിതുവരെ കൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (എ) | കുറച്ചുപേർക്ക് തുക ഇനിയും വിതരണം ചെയ്യാനുണ്ട്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) വിതരണം ചെയ്യാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായത്തിൽ വിതരണം ചെയ്യാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു |
| (സി) പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; (ഡി) അപേക്ഷകർക്ക് അനുവദിച്ച തുക എന്ന് വിതരണം ചെയ്യുമെന്നറിയിക്കുമോ; | (സി) & (ഡി) | ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനുസരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. അറിയിപ്പു നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്കും ധന സഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| ജില്ല | വിതരണം ചെയ്യാൻ ബാക്കിയുള്ള തുക |
|---|---|
| തിരുവനന്തപുരം | 2239000/- |
| കൊല്ലം | 29400000/- |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | 25038000/- |
| കോട്ടയം | ഇല്ല |
| ഇടുക്കി | 8428000/- |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | ഇല്ല |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | 919000/- |
| വയനാട് | ഇല്ല |
| കണ്ണൂർ | സ്ക്രീനിംഗ് കമ്മിറ്റി കൂടിയതിനുശേഷംമാത്രമേ വിതരണം ചെയ്യാൻ ബാക്കിയുള്ള തുകയുടെ കണക്ക് ലഭ്യമാകുകയുള്ളു. |
| കാസർഗോഡ് | 15000000/- |

Sunitha

സെക്ഷൻ ഓഫീസർ.